DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

29-10-2019

# കാർഷികമേഖലാവാർത്തകൾ

## അറിയിപ്പ്

കർകർക്കും കാർഷിക തൊഴിലാളികൾക്കും ട്രാക്ടർ, പവർടില്ലർ, പുൽവെട്ടി യന്ത്രം മുതലായ വിവിധ കാർഷികയന്ത്രങ്ങൾ സബ്സിഡി നിരക്കിൽ വാങ്ങാൻ കഴിയുന്ന കാർഷിക യന്ത്രവത്ക്കരണ ഉപപദ്ധതിയെപ്പറ്റിയും പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിനെ സംബന്ധിച്ചും ഉള്ള ഒരു ഏകദിന ബോധവത്കരണ പരിപാടി നാളെ രാവിലെ (30.10.2019) 10 മണി മുതൽ തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വെച്ച് സംഘടിപ്പിക്കുന്നു. ഈ പരിപാടിയിലേക്ക് താല്പര്യമുള്ള കർഷകർ 0487-2375855 എന്ന ഫോൺ നമ്പരിൽ ഇന്ന് വൈകിട്ട് 4 മണിക്ക് മുൻപ് തന്നെ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## അറിയിപ്പ്

കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ എന്ന കാർഷിക യന്ത്രവത്കരണ പദ്ധതിയിൽ പട്ടികജാതി, പട്ടികവർഗ്ഗ, ചെറുകിട, നാമമാത്ര, വനിതാ, സ്വയംസഹായ സംഘങ്ങൾക്കും, സഹകരണ സംഘങ്ങൾക്കും, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾക്കും, സംരംഭകത്വർക്കും, കർഷക സംഘങ്ങൾക്കും, പവർടില്ലർ, ട്രാക്ടർ, കൊയ്തുമെതിയന്ത്രം, നടീൽ യന്ത്രം തുടങ്ങിയ വിവിധ തരം കാർഷിക യന്ത്രങ്ങൾ/ ഉപകരങ്ങൾ

എന്നിവയ്ക്ക് നിബന്ധനകൾക്കു വിധേയമായി സാമ്പത്തിക ആനുകൂല്യം ലഭ്യമാക്കുന്നു. വ്യക്തിഗത ആനുകൂല്യവും കാർഷിക യന്ത്രങ്ങളുടെ കസ്റ്റം ഹയറിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതിനും, കാർഷിക യന്ത്രങ്ങളുടേയും, ഉപകരണങ്ങളുടേയും ഫാം മെഷിനറി ബാങ്കുകൾ സ്ഥാപിക്കുന്നതിനും സാമ്പത്തിക സഹായം അനുവദിക്കുന്നതാണ്. കർഷകർക്ക് ഇതിനായി www.agrimachinery.nic.in എന്ന വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്തതിനു ശേഷം അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കാവുന്നതാണ്. 2019-20 സാമ്പത്തിക വർഷത്തിൽ നാളിതുവരെ അംഗീകാരം ലഭിച്ച മെഷിനറികൾ വെബ്സൈറ്റിൽ ചേർത്തിട്ടുണ്ട്. എല്ലാ മാസവും 1-ാം തീയതിയും 15-ാം തീയതിയും വെബ്സൈറ്റ് അപ്ഡേറ്റ് ചെയ്യുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ജില്ലയിലെ കാർഷിക എഞ്ചിനീയറിംഗ് വിഭാഗവുമായി ബന്ധപ്പെടാവുന്നതാണ്.

## റബ്ബറുത്പാദന പ്രോത്സാഹനപദ്ധതിയിലേക്ക് നവംബർ 30 വരെ അപേക്ഷിക്കാം

കേരളത്തിലെ റബ്ബർകർഷകർ ഉത്പാദിപ്പിക്കുന്ന റബ്ബറിന് കിലോഗ്രാമിന് കുറഞ്ഞത് 150 രൂപ വില ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ കേരളസർക്കാർ റബ്ബർബോർഡിന്റെ സഹകരണത്തോടെ നടപ്പാക്കിവരുന്ന റബ്ബറുത്പാദന പ്രോത്സാഹനപദ്ധതിയിൽ ചേരാത്ത കർഷകർക്ക് 2019 നവംബർ 30 വരെ അപേക്ഷകൾ സമർപ്പിക്കാം. ഷീറ്റുറബ്ബർ കിലോഗ്രാമിന് 150 രൂപയും റബ്ബർപാൽ കിലോഗ്രാമിന് 142 രൂപയും ഉറപ്പാക്കുന്ന ഈ പദ്ധതിയിലേക്ക് അപേക്ഷിക്കുന്നതിനുള്ള കാലാവധി സെപ്റ്റംബർ 30-ന് അവസാനിച്ചിരുന്നു. പുതിയ

അപേക്ഷകളുടെ വിവരങ്ങൾ പദ്ധതിയുടെ ഓൺലൈൻ പോർട്ടലിൽ ചേർക്കുന്നതിന് റബ്ബറുത്പാദകസംഘങ്ങൾക്ക് കൂടുതൽ സമയം ആവശ്യമായതിനാൽ പുതിയ രജിസ്ട്രേഷനുള്ള കാലാവധി നീട്ടിക്കൊടുക്കണമെന്ന് സംസ്ഥാനസർക്കാരിനോട് റബ്ബർബോർഡ് അഭ്യർത്ഥിച്ചിരുന്നു. റബ്ബർബോർഡിന്റെയും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള കർഷകരുടെയും അഭ്യർത്ഥന പരിഗണിച്ചുകൊണ്ടാണ് പദ്ധതിയിൽ ചേരുന്നതിനുള്ള കാലാവധി നീട്ടിക്കൊണ്ട് സർക്കാർ ഉത്തരവിട്ടിരിക്കുന്നത്. നിലവിൽ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർ റബ്ബർ നിൽക്കുന്ന സ്ഥലത്തിന്റെ തന്നാണ്ടിൽ കരമടച്ച രസീതുമായി റബ്ബറുത്പാദകസംഘങ്ങളെ സമീപിച്ച് രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്. റബ്ബറുത്പാദന പ്രോത്സാഹനപദ്ധതിയെക്കുറിച്ച് കൂടുതൽ അറിയുന്നതിന് റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഫോൺ: 0481 2576622

## അറിയിപ്പ്

കോട്ടയം ജില്ലയിലെ തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിലെ ജനകീയാസൂത്രണ പദ്ധതിയായ ആട് വളർത്തൽ പദ്ധതി 5000 രൂപ, മുട്ടക്കോഴിവളർത്തൽ പദ്ധതി 600 രൂപ, പശുവളർത്തൽ പദ്ധതി 25,000 എന്നീ പദ്ധതികളുടെ ഗുണഭോക്തൃ വിഹിതം ഈ മാസം 30 വരെ അടയ്ക്കാവുന്നതാണെന്ന് തൃക്കൊടിത്താനം മൃഗാശുപത്രിയിലെ വെറ്ററിനറി സർജൻ അറിയിക്കുന്നു. ഗുണഭോക്തൃ വിഹിത പട്ടിക തൃക്കൊടിത്താനം മൃഗാശുപത്രിയിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് മൃഗാശുപത്രിയുമായി ബന്ധപ്പെടുക.

## ഫാം ഇൻഫർമേഷൻ ബ്യൂറോ ലേഖനരചന, ചെറുകഥാ രചന, വീഡിയോ, ഫോട്ടോഗ്രാഫി മത്സരങ്ങൾക്കായി എൻട്രികൾ ക്ഷണിക്കുന്നു

കൃഷിവകുപ്പിന്റെ **ഫാം ഇൻഫർമേഷൻ ബ്യൂറോ** ടി.വി.ചാനൽ, **അമച്ച്വർ വിഭാഗത്തിലായി 'മണ്ണിൽ തളിരിട്ട ജീവിതങ്ങൾ'** എന്ന വിഷയത്തിൽ **ഡിജിറ്റൽ വീഡിയോ മത്സരം 2019-ഉം 'കൃഷിയിലെ വേറിട്ട കാഴ്ചകൾ'** എന്ന വിഷയത്തിൽ **ഡിജിറ്റൽ ഫോട്ടോഗ്രാഫി മത്സരവും (പൊതുവിഭാഗം) സംഘടിപ്പിക്കുന്നു. കൂടാതെ ഹൈസ്കൂൾ, ഹയർസെക്കൻഡറി വിഭാഗം കുട്ടികൾക്കായി 'കാലാവസ്ഥ വ്യതിയാനവും പ്രത്യാഘാതങ്ങളും'** എന്ന വിഷയത്തിൽ **കാർഷിക ലേഖന രചനാ മത്സരവും 'ഭക്ഷണ സംസ്കാരവും കൃഷിയും'** എന്ന വിഷയത്തിൽ **കാർഷിക ചെറുകഥാരചനാ മത്സരവും സംഘടിപ്പിക്കുന്നു.** എൻട്രികൾ എഡിറ്റർ, കേരളകർഷകൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ പി.ഒ, തിരുവനന്തപുരം 695003 എന്ന വിലാസത്തിലോ ഹാർഡ് ഡിസ്ക്, പെൻഡ്രൈവ് വഴി നേരിട്ടോ, fibshortfilmcontest@gmail.com എന്ന ഇ-മെയിലിലോ, ഗൂഗിൾ ഡ്രൈവ്, 9809278052 എന്ന വാട്ട്സപ്പ് നമ്പറിലോ, fib video contest,fib kerala എന്ന ഫേസ്ബുക്ക് പേജിൽ messenger വഴിയോ അയക്കാം. എൻട്രികൾ ലഭിക്കേണ്ട അവസാന തീയതി **2019 നവംബർ 15.കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ: 0471 – 2314358**